LIBRARY ARCHIVES Kerala Legislative Assembly

പാട്ടത്തിന് നൽകിയ ഭൂമി

85(2707) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാറിന്റെ കൈവശമുള്ള ഭൂമി, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിനുനൽകുന്ന പദ്ധതി പ്രകാരം എത്ര ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി പാട്ടത്തിന് നൽകിയത് ആർക്കാണെന്നും ആയത് എത്ര ഇകയ്യാണെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി കൈവശംവയ്ക്കുന്നത് എത്ര പേർ; ആയത് തിരിച്ചു പിടിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ദുരിതാശ്വാസ ക്യാമ്പുകൾ

86(2708) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം, വർഗ്ഗീയ സംഘർഷങ്ങൾ എന്നിവമൂലം ഭവനരഹിതരായവർക്കായി എത്ര ദുരിതാശ്വാസ ക്യാമ്പുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

(ബി) എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്;

(സി) ക്യാമ്പുകളുടെ പേരും മറ്റ് വിവരങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഭൂരഹിതർക്ക് ഭൂമി വിതരണം

87 (2710) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനി എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും ഇവർക്ക് എന്നത്തേയ്ക്ക് ഭൂമി വിതരണം ചെയ്യാനാകുമെന്നും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തെ ഭ്രരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി-2015" സ്വന്തമായി ഭ്രമി ഇല്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതുമായ ഭ്രരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭ്രമി വീതം പതിച്ചുകൊടുത്തുകൊണ്ട് ഭ്രരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ വികസിപ്പികക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം ഘട്ടം ഘട്ടമായി പദ്ധതി പൂർത്തിയാക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ ജില്ലാ/താലൂക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലുകൾ മുഖേന പദ്ധതിപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽത്തന്നെയാണ് പ്രസ്തുത പദ്ധതി പ്രകാരം ഭ്രമി നൽകിവരുന്നത്. എന്നാൽ അപേക്ഷരുടെ സ്വന്തം വില്ലേജിൽ ഭ്രമി ലഭ്യമല്ലാത്തതിനാൽ സമീപ വില്ലേജുകളിൽനിന്നുള്ള ഭ്രമി നൽകിയ സാഹചര്യം ചില ജില്ലകളിൽ ഉണ്ടായിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ഭ്രമി വാസയോഗ്യമല്ലാത്തതാണെന്ന് ബോധ്യമാകുന്ന കേസുകളിൽ അനുയോജ്യമായ ഭ്രമി നൽകാനുള്ള നടപടികൾ എടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ സർക്കാർ ഭ്രമിക്ക് ദൗർലഭ്യം നേരിടുന്നുണ്ട്. പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ളതും കാലാവധി കഴിഞ്ഞതുമായ ഭ്രമികൾ ഏറ്റെടുത്തും, അനധികൃത കയ്യേറ്റങ്ങളുള്ള സർക്കാർ ഭ്രമികൾ ഒഴിപ്പിച്ചെടുത്തും പദ്ധതിക്കനുയോജ്യമായ മുഴുവൻ ഭ്രമിയും കണ്ടെത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 43437 ഭ്രരഹിത കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ഭ്രമി ലഭ്യമായവരുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം
1	2
തിരുവനന്തപുരം	3,181
കൊല്ലം	683
പത്തനംതിട്ട	883
ആലപ്പുഴ	256
കോട്ടയം	1,309
ഇടുക്കി	8,561
എറണാകുളം	1,449
തൃശ്ശൂർ	510
പാലക്കാട്	2,114
മലപ്പുറം	843
കോഴിക്കോട്	1,550
വയനാട്	727
കണ്ണൂർ	11,100
കാസർഗോഡ്	10,271
ആകെ	**43,437**

(സി) പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിനുവേണ്ടി 291757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ നിന്നും 243928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും 43437 പേർക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി എന്നീ 3 ജില്ലകളിലെ അർഹരായ മുഴുവൻ അപേക്ഷകർക്കും ഭൂമി നൽകിക്കൊണ്ട്, ടി 3 ജില്ലകളെ രാജ്യത്തെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു. 200491 ഗുണഭോക്താക്കൾക്ക് കൂടി പട്ടയം നൽകാനുണ്ട്. 1-2-2014 മുതൽ 31-3-2014 വരെ പദ്ധതിയിലേയ്ക്ക് വീണ്ടും അപേക്ഷകൾ ക്ഷണിച്ചിരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകളിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ നിന്നും പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല.